# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.3173 - 24/02/2016 - ലെ മറുപടിക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം<br><br>ശ്രീ.ബാബു.എം.പാലിശ്ശേരി | ഉത്തരം<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാർ ഈ വർഷം എത്ര കോടി രൂപ കടം എടുത്തിട്ടുണ്ടെന്ന് അറിയിയ്ക്കുമോ; | 2015-16 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾപ്രകാരം 31.12.2015 വരെ സർക്കാർ 12,371.69 കോടി (തനി) രൂപ കടമെടുത്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുവെങ്കിൽ ആയത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയൊന്നും തന്നെ നേരിടുന്നില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാൽ നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.<br>നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതിയിനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| | പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23.02.2015 ലെ സ.ഉ.(പി) നം.48/2015/ധന പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.<br>മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുകമാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് ഡിസ്കൗണ്ട് ചെയ്തശേഷം തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ടു ചെയ്യുന്ന തുക കാലതാമസം കൂടാതെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റു പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നുവെന്ന നേട്ടമുണ്ട്.<br>ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനു വേണ്ടി സർക്കാർ സ്വീകരിച്ച ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ. |

അക്കൗണ്ട്സ് ഓഫീസർ